10.00 am]

II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1419-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

റവന്യൂ ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ 31-10-2019-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1419-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

III അടിയന്തരപ്രമേയം

വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം

മി. സ്പീക്കർ: ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നൽകുവാൻ യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധതലത്തിലുള്ള ഉന്നതവിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുന്നതിനും നൈപുണ്യവികസനത്തിനും ലക്ഷ്യം വച്ചുകൊണ്ടാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് സ്ഥാപിതമായത്. കേരളത്തിലെ നവോത്ഥാന നായകനും സാമൂഹ്യപരിഷ്കർത്താവുമായ മഹാനായ ശ്രീനാരായണഗുരുവിന്റെ പേരിൽ കൊല്ലം ആസ്ഥാനമായി 2020 ഒക്ടോബർ 2-നാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിതമായത്. തുടർന്ന് സർവ്വകലാശാലയ്ക്ക് യു.ജി.സി.-യിൽ നിന്നും ലഭ്യമാക്കേണ്ട 2(f) അംഗീകാരം ലഭിക്കുന്നതിനായി ആവശ്യമായ രേഖകൾ സമർപ്പിക്കുകയുണ്ടായി. സർവ്വകലാശാലയുമായി ബന്ധപ്പെട്ട ആക്ടിന്റേയും വൈസ് ചാൻസലർ,

* അനുബന്ധമായി ചേർത്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 31-10-2019-ലെ നക്ഷത്ര ചിഹ്നമിടാത്ത 1419-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിനുവേണ്ടി 05.5574 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിരുന്നത്.

(ബി) നഷ്ടപരിഹാരത്തുകയായി ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാരത്തുകയുടെ വിവരങ്ങൾ അനബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉഭയകക്ഷി സമ്മതപ്രകാരം ഏറ്റെടുത്ത വസ്തുക്കൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പേർക്കാണ് ആധാരം ചെയ്തിട്ടുള്ളത്. ഏറ്റെടുത്ത സ്ഥലം കയ്യേറ്റക്കാരിൽനിന്നും സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്തിരുന്ന ഭൂമിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെട്ടതിനെതുടർന്ന് പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ആലപ്പുഴ പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 29-11-2017, 7-5-2018 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 26-6-2019-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആലപ്പുഴ പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14-10-2020, 15-10-2020 എന്നീ തീയതികളിലെ എ 7-272/2018 നമ്പർ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയുണ്ടായി.

(ഇ) വസ്തുവിന് നഷ്ടപരിഹാരത്തുക ലഭിച്ച 6 കുടുംബങ്ങൾ ഇപ്പോഴും വസ്തു മെഡിക്കൽ കോളേജിന് നൽകാതെ കൈവശം വച്ച് താമസിച്ചുവരുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.